"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്: - പഞ്ചായത്ത് ജീവനക്കാര്യം; - തൃശ്ശൂർ ജില്ലയിലെ മറ്റത്തൂർ ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ജെറുസൺ ജി. യുടെ ചികിത്സയ്ക്ക് ചെലവായ തുക അനുവദിച്ച് നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.3004/2022/LSGD തീയതി,തിരുവനന്തപുരം, 05-12-2022

---

പരാമർശം:- 1. 15/12/17ലെ GO(MS) No.184/17/H&FWD ഉത്തരവ്

2. പഞ്ചായത്ത് ഡയറക്ടറുടെ 22.08.2022 -ലെ PAN/10096/2021 - F2(DP) നമ്പർ കത്ത്.

ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ മറ്റത്തൂർ ഗ്രാമ പഞ്ചായത്ത് ആഫീസിലെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.ജെരുസൻ ജി. യുടെ ഹൃദയ സംബന്ധമായ ചികിത്സയ്ക്ക് ചെലവായ തുക മെഡിക്കൽ റീ ഇമ്പേഴ്സ് ചെയ്ത് നൽകണമെന്ന അപേക്ഷ ശുപാർശ ചെയ്ത് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. അപേക്ഷയും അനുബന്ധ രേഖകളും സർക്കാർ വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ മറ്റത്തൂർ ഗ്രാമ പഞ്ചായത്ത് ആഫീസിലെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ജെരുസൻ ജി. യുടെ ഹൃദയ സംബന്ധമായ ചികിത്സയ്ക്ക് എറണാകുളം ലിസ്സി ആശുപത്രിയിൽ 25.03.2020 മുതൽ 01.04.2020 വരെയുള്ള കാലയളവിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമാണെന്ന് അറിയിച്ചിട്ടുള്ള 1,16,477/- രൂപയുടെ 80% ആയ 93,182/- രൂപ (ആകെ തൊണ്ണൂറ്റിമൂവായിരത്തി ഒരുനൂറ്റി എൺപത്തിരണ്ട് രൂപ മാത്രം) മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഇനത്തിൽ മറ്റത്തൂർ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ശ്രീ. ജെരുസൻ ജി. - യ്ക്ക് അനുവദിച്ച് നൽകുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

1. ശ്രീ. ജെരുസൻ ജി, മറ്റത്തൂർ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (അപേക്ഷയും അനുബന്ധങ്ങളും സഹിതം).
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.

5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി1/163/2022/തസ്വഭവ. നമ്പർ ഫയലിൽ)

ഉത്തരവിൻ പ്രകാരം

**Signed by Noushad M**
**Date: 05-12-2022 14:32:21**

സെക്ഷൻ ഓഫീസർ